11/03/22

5/3/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001


ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in


ഹർജി നമ്പർ **AP. 158*(7)/2014*/***എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **845**/*എസ്.ഐ.സി-ജി 6/2014*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. എ.കെ.കരീം,
ആല്യാമാക്കാനകത്ത് വീട്,
പൊന്നാനി സൗത്ത് പി.ഒ.,
പോലീസ് സ്റ്റേഷനു സമീപം,
മലപ്പുറം ജില്ല. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
   സീനിയർ സൂപ്രണ്ട്,
   ഇൻസ്പെക്ഷൻ & ഓഡിറ്റ്,
   കളക്ടറേറ്റ്, മലപ്പുറം.

2. അപ്പീൽ അധികാരി&
   ഡെപ്യൂട്ടി കളക്ടർ,
   ജില്ലാ കളക്ടറുടെ കാര്യാലയം,
   മലപ്പുറം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 05.10.2013 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 22.10.2013 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 20.11.2013 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 20.12.2013 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | – |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 18.01.2014 |
| ഹിയറിംഗ് നടന്ന തീയതി | 04.02.2022, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു |
| എസ്.പി.ഐ.ഒ. | ഹാജരായിരുന്നു |

ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. എ.കെ.കരീം, സമർപ്പിച്ച അപ്പീൽ ഹർജി 18.01.2014ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.158(7)/14/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നും ടിയാന് വ്യക്തമായ മറുപടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 05.10.2013ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) പൊന്നാനി നഗരസഭ പരിധിയിൽ പ്രവർത്തിച്ചു വന്നിരുന്ന റവന്യൂ മണൽ കടവുകളുടെ പ്രവർത്തനം നിറുത്തിവക്കണം എന്ന് കാണിച്ചുകൊണ്ട് രേഖാമൂലമുള്ള ഉത്തരവുകളെന്തെങ്കിലും പൊന്നാനി താലൂക്ക് തഹസിൽദാർക്കോ പൊന്നാനി നഗരസഭാ സെക്രട്ടറിക്കോ നൽകിയിട്ടുണ്ടെങ്കിൽ ടി രേഖകളുടെ പകർപ്പു നൽകണമെന്നും

2) പൊന്നാനി നഗരസഭ പരിധിയിൽ പ്രവർത്തിച്ചു വന്നിരുന്ന റവന്യൂ മണൽ കടവുകളുടെ പ്രവർത്തനം നിറുത്തിവെക്കണമെന്നുള്ള ഉത്തരവ് സ്വന്തം ഉത്തരവു പ്രകാരം പുറപ്പെടുവിച്ചതാണോയെന്നും അതോ മലപ്പുറം ജില്ലയിലെ തവനൂർ പൊന്നാനി എന്നീ നിയമസഭാമണ്ഡലങ്ങളിലെ ജനപ്രതിനിധികളുടെ തീരുമാനപ്രകാരമാണോയെന്നും തുടങ്ങി 10 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

ആയതിന് 22.10.2013നു മറുപടി നൽകിയതായി കാണുന്നു. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 20.12.2013ന് നൽകിയ മറുപടിയിൽ സൂചിപ്പിച്ചിരിക്കുന്നത്, പൊന്നാനി നഗരസഭയിലെ രണ്ടു കടവുകളിൽ മണൽ കടത്തിന് താല്ക്കാലികമായി ജില്ലാ കളക്ടർ

നിരോധനം ഏർപ്പെടുത്തിയിരുന്നുവെന്നും പൊന്നാനി നഗരസഭാ പരിധിയിലെ മണലിനുള്ള അപേക്ഷകൾ മണൽ ലഭ്യതയുള്ള മറ്റു തദ്ദേശ സ്ഥാപനങ്ങളിൽ അപേക്ഷ നൽകി മണൽ വിതരണം അനുവദിക്കുന്ന കാലയളവിൽ നിയമാനുസൃതം മണൽ ലഭ്യമാകും എന്ന വിവരമാണ് അറിയിച്ചത്. കൂടാതെ പൊതു വിവരാകാശ ഓഫീസറുടെ 22.10.2013ലെ കത്തിൽ നാലാം നമ്പരായി 6 രുപ അടവാക്കാൻ നിർദ്ദേശിച്ചിട്ടുള്ളത് ട്രഷറിയിൽ ഒടുക്കി ചെലാൻ രസീത് ഹാജരാക്കിയാൽ പകർപ്പ് അനുവദിച്ച് നൽകുമെന്നാണ് അറിയിച്ചത്.

4. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് നിശ്ചിത സമയപരിധിയ്ക്കുള്ളിൽത്തന്നെ മറുപടി നൽകിയെന്നും ടി മറുപടിയിൽ 6–ാം നമ്പർ ചോദ്യത്തിന് ലഭിച്ചത് ശരിയായ മറുപടിയല്ല എന്നും ശരിയായ മറുപടി നൽകണമെന്നും കാണിച്ച് അപ്പീൽ ഹർജി സമർപ്പിച്ചുവെന്നും ടി അപ്പീൽ ഹർജി തീർപ്പാക്കി ഹർജിക്കാരന് 20.12.2013ലെ കത്തു പ്രകാരം മറുപടി നൽകിയിട്ടുണ്ടെന്നുമാണ്. കമ്മീഷനിൽ നിന്നും 14.2.2014ന് എസ്.പി.ഐ.ഒ. യുടെ പേരിലയച്ച കത്ത് ലഭ്യമായിട്ടില്ലാത്തതുമൂലമാണ് റിപ്പോർട്ട് യഥാസമയം സമർപ്പിക്കുവാൻ കഴിയാതിരുന്നതെന്നും 25.06.2014ലെ കത്തിൽ നിന്നുമാണ് 14.02.2014നയച്ച കത്തിനെക്കുറിച്ച് അറിയുന്നതെന്നും എന്നാൽ 14.02.2014നയച്ച കത്ത് അപ്പീൽ അധികാരിയുടെ കാര്യാലയത്തിൽ ലഭ്യമാവുകയും പ്രസ്തുത ഓഫീസിൽ നിന്നും നടപടി സ്വീകരിച്ചിട്ടുള്ളതായി അറിയാൻ കഴിഞ്ഞുവെന്നും ആയതിനാൽ 14.02.2014ലെ കമ്മീഷന്റെ കത്തിന് മറുപടി അയയ്ക്കാതിരുന്നത് മന:പ്പൂർവ്വമല്ലെന്നു കണക്കാക്കി കാലതാമസം മാപ്പാക്കണമെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും ഹർജിക്കാരന് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് നൽകിയ മറുപടിയിൽ ടിയാന്റെ 6–ാമത്തെ ചോദ്യത്തിന് ശരിയായ മറുപടിയല്ല നൽകിയിരിക്കുന്നതെന്നു

കാണിച്ചുകൊണ്ട് അപ്പീൽ സമർപ്പിച്ചിരുന്നുവെന്നും ടി അപ്പീൽ ഹർജി നാളിതുവരെ അപ്പീൽ അധികാരി പരിഗണിച്ചിട്ടില്ലെന്നുമാണ് ടിയാന്റെ പരാതി. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന് മറുപടി നൽകിയതായി റിപ്പോർട്ട് ചെയ്തിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ച് ഇന്നേദിവസം 2022 മാർച്ച് 05-ാം തീയതി കമ്മീഷൻ ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM